**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2070** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചു വരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും, പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചു നൽകുകയും ആയതിൽ നിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചു വരികയും ചെയ്യുന്നു. |

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. പാലാ ബസ് സ്റ്റഷനിലെ വാണിജ്യ സമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം എന്നിവ ഒറ്റ യൂണിറ്റിലെ പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ കൊറിയർ പാഴ്സൽ സർവ്വീസ് നടത്തുന്നതിനും യൂണിറ്റുകളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും National Highway-യോടു ചേർന്നുള്ളതും കൂടാതെ വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ യൂണിറ്റുകളിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ച് നൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ് ആധുനിക സൗകര്യത്തോടു കൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റു ആവശ്യസാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു.

കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ

| | | | |
|---|---|---|---|
| | | | ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.<br><br>മുതൽമുടക്കില്ലാതെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പന ശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br><br>തുടക്കത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 റീട്ടെയൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. യാത്ര ഫ്യൂവൽസിനെ ശക്തിപ്പെടുത്താനും വിപുലീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്.<br><br>പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലും ആയിരിക്കും ഈ ഔട്ട്ലെറ്റുകളിൽ നിന്ന് വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ CNG, Electricity Vehicle Charging എന്നിവയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തുന്നതായിരിക്കും. അങ്ങനെ ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുന്നതായിരിക്കും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 12 റീട്ടെയൽ ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചു വരുന്നു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.<br><br>ആദ്യഘട്ട പദ്ധതിയുടെ വിജയത്തെ തുടർന്ന് വികാസ്ഭവൻ, വൈക്കം, മലപ്പുറം എന്നീ ഡിപ്പോകളിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനുമായും പാപ്പനംകോട് (2 എണ്ണം), എടപ്പാൾ, പന്തളം എന്നീ ഡിപ്പോകളിൽ ഭാരത് പെട്രോളിയം കോർപ്പറേഷനുമായും യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുവാൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ